സൂറഃ-8

# അൽ അൻഫാൽ

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِذَا لَقِيتُمُ ٱلَّذِينَ كَفَرُوا۟ زَحْفًا فَلَا تُوَلُّوهُمُ ٱلْأَدْبَارَ ﴿١٥﴾

**15.** അല്ലയോ സത്യവിശ്വാസികളേ, സത്യനിഷേധികളുടെ പടനീക്കത്തെ നേരിടേണ്ടിവന്നാൽ നിങ്ങൾ പിന്തിരിഞ്ഞോടിക്കൂടാത്തതാകുന്നു.

وَمَن يُوَلِّهِمْ يَوْمَئِذٍ دُبُرَهُۥٓ إِلَّا مُتَحَرِّفًا لِّقِتَالٍ أَوْ مُتَحَيِّزًا إِلَىٰ فِئَةٍ فَقَدْ بَآءَ بِغَضَبٍ مِّنَ ٱللَّهِ وَمَأْوَىٰهُ جَهَنَّمُ ۖ وَبِئْسَ ٱلْمَصِيرُ ﴿١٦﴾

**16.** അത്തരം സന്ദർഭത്തിൽ, യുദ്ധതന്ത്രമായിട്ടോ അല്ലെങ്കിൽ സ്വന്തംകൂട്ടത്തോടു ചേരുന്നതിനു വേണ്ടിയോ ആയിട്ടല്ലാതെ പിന്തിരിഞ്ഞു പോകുന്നവർ അല്ലാഹുവിന്റെ കോപത്തിനിരയായതു തന്നെ. നരകമാണവരുടെ അഭയസ്ഥാനം. എത്ര ദുഷിച്ച സങ്കേതം!

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ = അല്ലയോ സത്യവിശ്വാസികളായവരേ  إِذَا لَقِيتُمُ = കണ്ടുമുട്ടിയാൽ (ഏറ്റുമുട്ടേണ്ടി, നേരിടേണ്ടിവന്നാൽ)

ٱلَّذِينَ كَفَرُوا۟ = സത്യനിഷേധിക(ളുടെ)ളായവരെ  زَحْفًا = പടനീക്ക(ത്തെ)മായി

فَلَا تُوَلُّوهُمُ ٱلْأَدْبَارَ = നിങ്ങൾ അവരോട് പുറങ്ങൾ തിരിക്കരുത് (പിന്തിരിഞ്ഞോടിക്കൂടാത്തതാകുന്നു)

وَمَن يُوَلِّهِمْ = വല്ലവരും അവരിൽനിന്ന് തിരിച്ചാൽ (തിരിഞ്ഞുപോകുന്നവർ)  يَوْمَئِذٍ = അന്ന് (അത്തരം സന്ദർഭത്തിൽ)

دُبُرَهُۥٓ = തന്റെ പുറകിനെ (പിൻ)  إِلَّا مُتَحَرِّفًا لِّقِتَالٍ = യുദ്ധത്തിനുവേണ്ടി തെറ്റിക്കുന്നവനായിട്ടല്ലാതെ (യുദ്ധതന്ത്രമായിട്ടല്ലാതെ)

أَوْ مُتَحَيِّزًا إِلَىٰ فِئَةٍ = അല്ലെങ്കിൽ (സ്വന്തം) കൂട്ടത്തോടു ചേരുന്ന(തിനുവേണ്ടി)വൻ ആയിട്ടല്ലാതെ

فَقَدْ بَآءَ = അപ്പോൾ അവൻ മടങ്ങിയതു(ഇരയായതു)തന്നെ

بِغَضَبٍ مِّنَ ٱللَّهِ = അല്ലാഹുവിങ്കൽ നിന്നുള്ള കോപ(ത്തിന്നു)വും കൊണ്ട്  وَمَأْوَىٰهُ = അവന്റെ പ്രാപ്യസ്ഥാനം, അഭയസ്ഥാനം

جَهَنَّمُ = നരകമാകുന്നു  وَبِئْسَ ٱلْمَصِيرُ = എത്ര ദുഷിച്ച സങ്കേതം, ചെന്നെത്തുന്ന സ്ഥാനം

**15:** ബദ്ർ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ മുസ്‌ലിംകൾക്ക് സുപ്രധാനമായ ഒരു പൊതുനിയമം പ്രഖ്യാപിച്ചിരിക്കുകയാണിവിടെ. മുസ്‌ലിം സമൂഹം നന്മയുടെ സമൂഹമായിരിക്കുമ്പോൾ തിന്മയുടെ ശക്തികളെ നേരിടേണ്ടിവന്നേക്കും. അവർ അല്ലാഹുവിന്റെ കക്ഷി -حِزْبَ ٱللَّهِ- ആണ്. പിശാചിന്റെ കക്ഷി -حِزْبَ ٱلشَّيْطَٰنِ- അവരെ നശിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കും. നന്മ പ്രചരിപ്പിക്കേണ്ടവരും ധർമം സ്ഥാപിക്കേണ്ടവരുമായ മുസ്‌ലിംകൾ ചെകുത്താന്റെ പടയോട്ടങ്ങളിൽനിന്ന് ഓടിയൊളിച്ചുകൂടാ. ശത്രുക്കളെ ഒത്തുതീർപ്പിന് സന്നദ്ധരാക്കി സമാധാനം സംരക്ഷിക്കാനാണ് ആദ്യം ശ്രമിക്കേണ്ടത്. അവർ അതിനു സന്നദ്ധരാവാതെ ആക്രമണത്തിലേക്ക് എടുത്തു ചാടുകയാണെങ്കിൽ ചെറുക്കുക തന്നെ വേണം. ചെകുത്താൻ സത്യനിഷേധികളുടെ പടകൂട്ടിവരുമ്പോൾ വിശ്വാസികൾ അല്ലാഹുവിന്റെ പട -جند الله- യായി നിലകൊള്ളണം. മുസ്‌ലിംകളെ

നശിപ്പിക്കാൻ പുറപ്പെട്ടുവരുന്ന സൈന്യങ്ങളുമായി ഏറ്റുമുട്ടാൻ ഇറങ്ങിത്തിരിച്ചവർ ശത്രുക്കളുമായി കണ്ടുമുട്ടുമ്പോൾ പടയിൽനിന്ന് പേടിച്ചോടുന്നത്, സ്ഥിരചിത്തരും ക്ഷമാശീലരുമായ വിശ്വാസികളോടൊപ്പം അല്ലാഹു ഉണ്ടെന്നും സത്യാസത്യ സംഘട്ടനത്തിൽ അവൻ മലക്കുകളിലൂടെ സത്യത്തിന്റെ വാഹകരെ സഹായിക്കുമെന്നുമുള്ള അല്ലാഹുവിന്റെ വാഗ്ദാനത്തെ അവിശ്വസിക്കുന്നവരാണ്. അല്ലാഹുവിന്റെ വാഗ്ദാനം മറന്ന് ചെകുത്താന്റെ ഭീഷണിക്ക് വഴങ്ങുകയാണവർ. യുദ്ധമുഖത്തുനിന്ന് ഓടിപ്പോയവന്റെ സാക്ഷ്യം സ്വീകാര്യമല്ലെന്ന് കർമശാസ്ത്രപണ്ഡിതന്മാർ പറഞ്ഞിരിക്കുന്നു. ഈ പാപത്തിലകപ്പെടുന്നവർ അല്ലാഹുവിനോട് പാപമോചനം തേടിക്കൊണ്ടിരിക്കണം. തിർമിദി ഉദ്ധരിച്ച ഒരു നിവേദനത്തിൽ നബി(സ) പറയുന്നു:

من قال استغفر اللّٰه الذى لا اله الا هو الحي القيوم

واتوب اليه غفر اللّٰه له وان كان قد فرّ من الزحف

"യാതൊരുവനല്ലാതെ ദൈവമില്ലയോ ആ അല്ലാഹുവിനോട് ഞാൻ പാപമോചനം തേടുന്നു. അവൻ നിത്യജീവത്തായവനും എല്ലാറ്റിനെയും നിലനിർത്തുന്നവനുമാകുന്നു. അവനോട് ഞാൻ പശ്ചാത്തപിക്കുന്നു' എന്ന് പ്രാർഥിക്കുന്നവന് അല്ലാഹു പൊറുത്തുകൊടുക്കുന്നു - അവർ യുദ്ധമുഖത്തുനിന്ന് ഒളിച്ചോടിയിട്ടുണ്ടെങ്കിൽ പോലും."

ഈമാൻ കൈക്കൊണ്ടശേഷം കുഫ്റിലേക്ക് തിരിച്ചുപോകുന്നതുപോലെയാണ് സമരമുഖത്തുനിന്ന് ഒളിച്ചോടുന്നത്. അത്തരക്കാർ അല്ലാഹുവിന്റെ കോപത്തിനിരയാകുന്നുവെന്നും അവരുടെ അന്തിമ സങ്കേതം ഏറ്റം ദുഷ്ടമായ നരകമാണെന്നും പ്രസ്താവിച്ചതിന്റെ താൽപര്യമതാണ്. യുദ്ധമുന്നണിയിൽനിന്ന് ഓടിപ്പോകുന്നത് ഗുരുതരമായ സപ്തപാപങ്ങളിലൊന്നാണെന്ന് പറയുന്ന നിവേദനങ്ങൾ അനേകമുണ്ട്. ഉദാഹരണമായി പ്രവാചകൻ(സ) പ്രസ്താവിച്ചതായി ബുഖാരിയും മുസ്‌ലിമും ഉദ്ധരിക്കുന്നു: നബി(സ) വിപൽക്കരവും വിനാശകരവുമായ സപ്തപാപങ്ങൾ വർജിക്കുവിൻ എന്നുപദേശിച്ചപ്പോൾ ശിഷ്യന്മാർ അവ ഏതൊക്കെയാണെന്നന്വേഷിച്ചു. തിരുമേനി പറഞ്ഞു: അല്ലാഹുവിന് പങ്കാളികളുണ്ടെന്നാരോപിക്കുക, ആഭിചാരം ചെയ്യുക, അന്യായമായ നരഹത്യ, പലിശ ഭോഗം, അനാഥരുടെ മുതൽ തിന്നുക, യുദ്ധനാളിൽ പടയിൽനിന്ന് പിന്തിരിഞ്ഞോടുക, ശുദ്ധാത്മാക്കളായ വിശ്വാസിനികളിൽ ചാരിത്ര്യദോഷമാരോപിക്കുക.' യുദ്ധമുഖത്തുനിന്ന് ഓടിപ്പോകുന്നവന്റെ വിശ്വാസം ഭീരുത്വത്തിനു വഴിമാറിക്കൊടുക്കുകയാണ്. ആ മാറ്റമാകട്ടെ അയാളെ മാത്രം ബാധിക്കുന്നതല്ല. മുഴുവൻ സൈന്യത്തെയും അയാൾ അപകടത്തിലാക്കുന്നു. ചിലപ്പോൾ സമൂഹം ഒന്നടങ്കം ആപത്തിലകപ്പെടാനും അതു കാരണമായിത്തീരുന്നു. ധർമാധർമ സംഘട്ടനമുണ്ടാകുമ്പോൾ ഭീരുക്കളായി രംഗം വിട്ടോടുന്നവർ സുരക്ഷിതമായ അഭയസ്ഥാനങ്ങളിലൊന്നും ചെന്നെത്തുന്നില്ല. അല്ലാഹുവിന്റെ കോപവും പേറിയാണ് അവർ ഓടുന്നത്. അല്ലാഹുവിന്റെ കോപം പേറുന്നവർ അന്തിമമായി ചെന്നെത്തുന്നത് ഏറ്റം ദുഷ്ടമായ നരകത്തിലാണ്. അവർക്ക് കുറച്ചുകാലം ഈ ഭൂമിയിൽ ജീവനോടിരിക്കാൻ കഴിഞ്ഞേക്കാം. പക്ഷേ, അതിന് അവർ കൊടുക്കേണ്ടത് മഹാനരകത്തിലെ അനന്തമായ അധിവാസമാണ്. അതിനാൽ സത്യവും അസത്യവും തമ്മിലുള്ള യുദ്ധത്തിൽനിന്ന് നിർഭയത്വവും സുരക്ഷിതത്വവും മോഹിച്ച് ഓടിയൊളിക്കുന്നവർ യഥാർഥത്തിൽ അതുരണ്ടും തങ്ങൾക്ക് എന്നെന്നേക്കുമായി നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്.

ആവശ്യ സന്ദർഭങ്ങളിൽ സൈന്യത്തിൽ ചേരാതിരിക്കുന്നത് -മതിയായ കാരണമില്ലെങ്കിൽ- കുറ്റകരമാണ്. സൈന്യത്തിൽ ചേർന്നിട്ടും യുദ്ധത്തിനു പോകേണ്ടി വരുമ്പോൾ അതിൽനിന്ന് മാറിനിൽക്കുന്നത് അതിനെക്കാൾ വലിയ കുറ്റമാകുന്നു. ഈ രണ്ടു കുറ്റങ്ങളേക്കാൾ ഗുരുതരമാണ് യുദ്ധത്തിനുവേണ്ടി സൈന്യത്തോടൊപ്പം പോവുകയും ശത്രുക്കളോടേറ്റുമുട്ടുമ്പോൾ രണാങ്കണത്തിൽനിന്ന് ഓടിപ്പോവുകയും ചെയ്യുന്നത്. ഈ സൂക്തം സൂചിപ്പിക്കുന്നത് ആ കുറ്റത്തെയാണ്. زحف-ന്റെ മൗലികമായ അർഥം കുട്ടികൾ പിച്ചവെച്ചു നടക്കുക, വലിയ ഭാരം താങ്ങി വേച്ചു വേച്ചു നടക്കുക എന്നാണ്. ആയുധങ്ങളും ഇതര സജ്ജീകരണങ്ങളും പേറി എതിരാളികളുടെ നേരെ മാർച്ചു ചെയ്യുന്നവരായിട്ട് എന്ന അർഥത്തിലാണ് ഇവിടെ ഈ പദം ഉപയോഗിച്ചിരിക്കുന്നത്. മറ്റുവാക്കുകളിൽ പറഞ്ഞാൽ ശത്രുസൈന്യം പടക്കോപ്പുകളുമായി മാർച്ചു ചെയ്തു വരുന്നത് കണ്ടാൽ അവരെ നേരിടാൻ പുറപ്പെട്ട വിശ്വാസികൾ ഒരു കാരണവശാലും പിന്തിരിഞ്ഞോടിക്കൂടാ.

എന്നാൽ തന്ത്രപരമായ പിൻവാങ്ങലുകൾ ആവാം. അത്തരം പിൻവാങ്ങലിന്റെ രണ്ട് ഉദാഹരണമാണ് مُتَحَرِّفًا لِّقِتَالٍ ഉം مُتَحَيِّزًا إِلَىٰ فِئَةٍ ഉം. വ്യതിചലിക്കുക, ദിശമാറുക എന്നാണ് تحرّف-ന്റെ അർഥം. കൂടുതൽ വിജയകരമായി പൊരുതാൻ സൗകര്യമുള്ള മറ്റൊരു സ്ഥാനത്തു നിലയുറപ്പിക്കുന്നതിനുവേണ്ടി അപ്പോഴുള്ള സ്ഥാനത്തുനിന്ന് പിന്തിരിഞ്ഞു പോരാം. ചില സന്ദർഭങ്ങളിൽ അങ്ങനെ ചെയ്യേണ്ടത് നിർബന്ധമായിത്തീരുകയും ചെയ്യും. ഇക്കാലത്തെ സമ്പ്രദായ പ്രകാരം ശത്രുക്കൾക്കെതിരെ വ്യോമാക്രമണം നടത്തുന്നതിനുവേണ്ടി അവരെ നേരിട്ടുകൊണ്ടിരിക്കുന്ന കരസൈന്യത്തെ പിൻവലിക്കുന്നത് مُتَحَرِّفًا لِّقِتَالٍ പെടുന്നു. പരസ്പരം ചേർന്ന് ഒന്നാവുക എന്നാണ് تحيّز-ന്റെ അർഥം. അതിന്റെ കർതൃപദമാണ് متحيّز. കൂട്ടരും, ഗ്രൂപ്പുമാണ് فِئَةٍ. ഇവിടെ ഉദ്ദേശ്യം സ്വന്തം സൈന്യത്തിന്റെ കൂട്ടമാണ്. അത് സൈന്യാധിപനാകാം, സൈനിക കേന്ദ്രമാകാം, പോഷക സൈന്യമാകാം. ഉഹുദ് യുദ്ധത്തിൽ പരാജയം ഭയന്നപ്പോൾ ചില മുസ്‌ലിംകൾ പ്രവാചകന്റെ അടുത്തേക്ക് ഓടിയതിനെ ചിലർ تحيّز الي فئة-ന് ഉദാഹരണമായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പരാജയപ്പെടുകയാണെന്ന് ബോധ്യമായപ്പോൾ അവർ തങ്ങളുടെ സ്ഥാനങ്ങൾ വിട്ടോടിപ്പോന്നു. എന്നാൽ അവർ സ്വജീവനും കൊണ്ട് ഓടുകയായിരുന്നില്ല. പ്രത്യുത പ്രവാചകന്റെ ജീവൻ രക്ഷിക്കുകയായിരുന്നു ആ പിന്തിരിഞ്ഞോട്ടത്തിന്റെ ലക്ഷ്യം. അങ്ങനെ പ്രവാചകന്റെ ചുറ്റും വന്നു ധീരോദാത്തമായി പൊരുതിയവർ ആ പരാജയത്തെ വിജയമാക്കി മാറ്റുകയും ചെയ്തു. സൈനിക കേന്ദ്രത്തെ രക്ഷിക്കാൻ വേണ്ടിയോ, കേന്ദ്രത്തിൽ സ്ഥിതിഗതികൾ റിപ്പോർട്ട് ചെയ്ത് അവിടെനിന്ന് കൽപനകൾ സ്വീകരിക്കാൻ വേണ്ടിയോ യുദ്ധമുഖത്തുനിന്ന് പിന്തിരിഞ്ഞുപോകുന്നത് വിലക്കപ്പെട്ട പിന്തിരിഞ്ഞോട്ടത്തിൽ പെടുന്നില്ല. അപകടത്തിലായ മറ്റൊരു സൈനിക ഘടകത്തെ സഹായിക്കാൻ വേണ്ടിയോ അല്ലെങ്കിൽ സ്വയം അപകടത്തിലാണെന്ന് കാണുമ്പോൾ മറ്റൊരു ഘടകത്തിന്റെ സഹായം സ്വീകരിക്കാൻ വേണ്ടിയോ പോഷക സൈന്യത്തെ പ്രതീക്ഷിച്ചുകൊണ്ടോ താൽക്കാലിക പിന്മാറ്റം നടത്തുന്നതും അപ്രകാരം തന്നെ.

സൈന്യാധിപന്റെ സമ്മതമില്ലാതെ, ഒരു യുദ്ധവേളയിൽ ഒറ്റപ്പെട്ട സൈനികരോ ഏതെങ്കിലും സൈനിക ദളങ്ങളോ ഓടിപ്പോകുന്നതിനെക്കുറിച്ചാണ് സൂക്തം സംസാരിക്കുന്നത്. പിടിച്ചുനിൽക്കാൻ കഴിയില്ല എന്ന് ബോധ്യമാകുന്ന ഘട്ടത്തിൽ സർക്കാർ സൈന്യത്തെ പിൻവലിക്കുന്നതോ സൈന്യാധിപന്റെ നേതൃത്വത്തിൽ പിന്തിരിഞ്ഞുപോരുന്നതോ ഇവിടെ വിലക്കിയ ഒളിച്ചോട്ടത്തിൽ പെടുന്നില്ല. അത്തരം സംഭവങ്ങൾ പ്രവാചകന്റെ കാലത്തും അതിനുശേഷവും ഉണ്ടായിട്ടുണ്ട്. അബ്ദുല്ലാഹിബ്നു ഉമർ പ്രസ്താവിച്ചതായി ഇമാം അഹ്മദ്, അബൂദാവൂദ്, തിർമിദി തുടങ്ങിയവർ ഉദ്ധരിക്കുന്നു: പ്രവാചകൻ(സ) നിയോഗിച്ച ഒരു സൈനിക ദൗത്യത്തിനിടയിൽ ആളുകൾ ഓടിപ്പോയി. കൂട്ടത്തിൽ ഞാനും ഓടി. പിന്നീട് ഞങ്ങൾ വളരെ വിഷണ്ണരായിരുന്നു. യുദ്ധത്തിൽനിന്ന് ഓടിപ്പോന്ന് ദൈവകോപത്തിനിരയായിത്തീർന്നല്ലോ എന്നതായിരുന്നു ഞങ്ങ

ളുടെ ദുഃഖം. പ്രവാചകന്റെ(സ) അടുത്ത് ചെന്ന്, 'പ്രവാചകരേ, ഞങ്ങൾ യുദ്ധത്തിൽനിന്ന് ഒളിച്ചോടിക്കളഞ്ഞു' എന്ന് ബോധിപ്പിച്ചു. തിരുമേനി പറഞ്ഞു: അല്ല നിങ്ങൾ ഓടിപ്പോന്ന് വീണ്ടും ചെന്നാക്രമിക്കുന്ന പരാക്രമികളാണ്. ഞാൻ നിങ്ങളുടെ –فِئَةٍ– കേന്ദ്രമാകുന്നു. മുസ്‌ലിംകളുടെ കേന്ദ്രനേതൃത്വം –فِئَةٍ– ആണ് ഞാൻ.

ഖലീഫ ഉമറിന്റെ കാലത്ത് പേർഷ്യയുമായുണ്ടായ യുദ്ധത്തിൽ അതിവിപുലമായ സൈന്യവുമായാണ് മുസ്‌ലിംകൾക്ക് ഏറ്റുമുട്ടേണ്ടിവന്നത്. സൈന്യാധിപനായ അബൂഉബൈദഃ വധിക്കപ്പെട്ടു. വിവരമറിഞ്ഞ് ഉമർ(റ) പറഞ്ഞു: അദ്ദേഹത്തിന് എന്റെ അടുത്തേക്ക് വരാമായിരുന്നു. തീർച്ചയായും ഞാൻ അദ്ദേഹത്തിന്റെ فِئَةٍ ആണ്. ഈ സംഭവങ്ങളെ ആധാരമാക്കി, യുദ്ധത്തിൽനിന്ന് ഓടിപ്പോകുന്നത് മഹാപാപമായിരുന്നത് ബദ്റിൽ മാത്രമായിരുന്നുവെന്നും പിൽക്കാലത്ത് അതിനു പ്രാബല്യമില്ലെന്നും ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. ബദ്ർ യുദ്ധം കഴിഞ്ഞ ശേഷമാണ് ഈ സൂക്തം അവതരിച്ചത് എന്ന വസ്തുത തന്നെ മതി ആ അഭിപ്രായം അബദ്ധമാണെന്ന് മനസ്സിലാക്കാൻ. യഥാർഥത്തിൽ അതിൽനിന്ന് മനസ്സിലാക്കേണ്ടത് ഇതാണ്. സർക്കാറോ സൈന്യാധിപനോ ഒരു യുദ്ധത്തിൽനിന്ന് പിൻവാങ്ങുന്നതല്ല നിഷിദ്ധമായ ഒളിച്ചോട്ടം, പ്രത്യുത ഒരു ഭടനോ ഭടന്മാരുടെ ഗ്രൂപ്പോ സൈന്യാധിപന്റെയോ സർക്കാറിന്റെയോ അനുമതിയില്ലാതെ യുദ്ധമുന്നണിയിൽ നിന്ന് ഓടിപ്പോകുന്നതാണ്. ഏതു സാഹചര്യത്തിലും ഉറച്ചുനിന്നു യുദ്ധം ചെയ്യുന്നതുതന്നെയാണ് അഭികാമ്യമെന്നതിൽ സംശയമില്ല. മുഅ്ത യുദ്ധത്തിൽ രണ്ടു ലക്ഷത്തോളം വരുന്ന റോമാ സൈന്യത്തെ കേവലം മൂവായിരം മുസ്‌ലിം ഭടന്മാർ നേരിടുകയുണ്ടായി. ഹി: 93-ാം ആണ്ടിൽ ത്വാരിഖിന്റെ 1700 പേരടങ്ങിയ സൈന്യം സ്പെയ്ൻ രാജാവിന്റെ 70,000 കുതിരപ്പടയാളികളെയാണ് തോൽപിച്ചത്. സൈന്യാധിപൻ തന്നെ ഓടിപ്പോയാലും ഒരു ഭടനും ഓടിപ്പോകാൻ പാടില്ല എന്ന അഭിപ്രായക്കാരനാണ് ഇമാം ഇബ്നുൽ ഖാസിം.

അറേബ്യയിൽ പണ്ട് യുദ്ധങ്ങൾ നടന്നിരുന്നത് രണ്ടു രൂപത്തിലായിരുന്നു. ഒന്ന് പടയാളികൾ വ്യവസ്ഥാപിതമായി സംഘടിച്ച് പടക്കോപ്പുകളുമായി ശത്രുക്കളിലേക്ക് മാർച്ച് ചെയ്തുചെന്ന് യുദ്ധം ചെയ്യുക. ഇങ്ങനെയുള്ള യുദ്ധം മറുകക്ഷി നേരത്തേ തന്നെ അറിഞ്ഞിരിക്കും. വ്യവസ്ഥാപിതമായി തന്നെ അവരും പ്രതിരോധസന്നാഹങ്ങളൊരുക്കി കാത്തുനിൽക്കുന്നു. ഒടുവിൽ രണ്ടു സൈന്യങ്ങളും ഒരിടത്തുവെച്ച് ഏറ്റുമുട്ടുകയും വിധിനിർണയിക്കപ്പെടുകയും ചെയ്യുന്നു. രണ്ടാമത്തെ യുദ്ധരീതി ഏതാണ്ട് ഇക്കാലത്തെ ഗറില്ലായുദ്ധം പോലെയാണ്. അതിന് വ്യവസ്ഥാപിതമായ സൈന്യമില്ല, പടയൊരുക്കമില്ല, മുന്നറിയിപ്പുകളില്ല. കുറെയാളുകൾ തങ്ങൾക്ക് വിരോധമുള്ള ഗോത്രത്തിനെതിരെ രഹസ്യമായി സംഘടിക്കുകയും അനുകൂലമായ സന്ദർഭം നോക്കി അവരെ കടന്നാക്രമിക്കുകയും കണ്ണിൽ കണ്ടവരെ കൊല്ലുകയും കൈയിൽ കിട്ടിയതെല്ലാം കൊള്ളയടിക്കുകയും ചെയ്ത് തിരികെ ഓടിപ്പോകുന്നു. الكرّ والفر– കടന്നാക്രമിക്കുക, ഓടിപ്പോവുക – എന്നതാണിതിന്റെ രീതി. നിനച്ചിരിക്കാതെ ആകസ്മികമായി ഇത്തരം ആക്രമണം നേരിടേണ്ടി വരുന്നവർക്ക് ചിലപ്പോൾ തൽക്കാലം ഓടിയൊളിക്കുകയല്ലാതെ ഗത്യന്തരമുണ്ടാവില്ല. അത്തരം തിരിഞ്ഞോട്ടങ്ങൾ ഈ സൂക്തം നിരോധിക്കുന്ന പിന്തിരിഞ്ഞോട്ടത്തിന്റെ പരിധിക്കു പുറത്താണ്. കാരണം അത് വ്യവസ്ഥാപിതമായി മാർച്ച് ചെയ്തു മുന്നോട്ടുവരുന്ന ഒരു സൈന്യവുമായി ഏറ്റുമുട്ടുന്ന സന്ദർഭമല്ല; ആകസ്മികമായി ഒരാക്രമണത്തിലകപ്പെടുന്ന സന്ദർഭമാണ്. അവിടെ സന്ദർഭം ആവശ്യപ്പെടുന്ന ആത്മരക്ഷാ മാർഗമെന്താണോ അതാണ് സ്വീകരിക്കേണ്ടത്. ■